**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3580** **05-08-2021 - ൽ മറുപടിയ്ക്ക്**

**നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ ജില്ലയിൽ ക്വാറി ഉത്പന്നങ്ങൾക്ക് ഉണ്ടായ ലഭ്യതക്കുറവ് മൂലം നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആലപ്പുഴ ജില്ലയിൽ ക്വാറി ഉത്പന്നങ്ങളുടെ ലഭ്യതക്കുറവുള്ളതിനാൽ ടി ഉത്പന്നങ്ങൾ മറ്റ് ജില്ലകളിൽ നിന്നും നിയമാനുസൃതമായി കൊണ്ട് വന്ന് വിപണനം നടത്തുന്നതിന് ക്രഷറുള്ളതും ഇല്ലാത്തതുമായ 137 യൂണിറ്റുകൾക്ക് വകുപ്പ് ഡീലേഴ്സ് ലൈസൻസ് നൽകിയിട്ടുണ്ട്. |
| (ബി) | ഈ പ്രതിസന്ധി പരിഹരിക്കുന്നതിനും, ക്വാറി ഉത്പന്നങ്ങൾക്ക് സംസ്ഥാനമൊട്ടാകെ വില ഏകീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | കരിങ്കല്ലിന്റെ വില നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനും ജില്ലാ തലത്തിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെയും ക്വാറി ഉടമസ്ഥരുടെയും മൊത്തവിൽപ്പനക്കാരുടെയും സാന്നിദ്ധ്യത്തിൽ അടിയന്തിര ചർച്ചകൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ